പൊതുവിൽപന നികുതി നിയമം അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമേ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്.

(സി) ഇല്ലെങ്കിൽ വിലക്കയറ്റം ഒഴിവാക്കുന്നതിന് മറ്റ് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധന ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാദ്ധ്യതയേയും ദുർബ്ബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തികമാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്.

**ചിറ്റാറിലെ സബ് ട്രഷറിയുടെ പ്രവർത്തനം**

107(121) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറ്റാറിൽ അനുവദിച്ച സബ് ട്രഷറിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പാവറട്ടിയിൽ സബ് ട്രഷറി ആരംഭിക്കാൻ നടപടി**

108(122) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടിയിൽ സബ് ട്രഷറി നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly